# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 690** — **07.01.2014- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് ഉള്ളതെന്ന് കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) കേന്ദ്ര സർക്കാരിന്റെ 2012-2013, 2013-2014 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ കൈത്തറി വ്യവസായത്തിന് നീക്കിവച്ച തുകയിൽ നിന്നും കേരളത്തിന്റെ സ്ഥാനത്തിന് ആനുപാതികമായി ലഭിക്കേണ്ട തുകയെത്രയെന്നും, 2012-13 വർഷത്തിലും 2013-14 വർഷത്തിൽ 30.11.2013 വരെയും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | (ബി) കേരളത്തിനു വേണ്ടിയോ മറ്റു സംസ്ഥാനങ്ങൾക്കു വേണ്ടിയോ കേന്ദ്ര ബഡ്ജറ്റിൽ ആനുപാതികമായി തുക വക കൊള്ളിയ്ക്കാറില്ല. കൈത്തറി മേഖലയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയ്ക്ക് ഓരോ വർഷവും ആവശ്യമായ പ്രോജക്ട് തയ്യാറാക്കി കൊടുക്കുകയും അത് ഹാന്റ്ലൂംസ് ഡെവലപ്പ്മെന്റ് കമ്മീഷണർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക അനുവദിക്കുകയുമാണ് പതിവ്. ഇങ്ങനെ 2012-13 വർഷത്തിലും 2013-14 വർഷം 30.11.2013 വരെയും ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്. |

(i)എൻഫോഴ്സ്മെന്റ് മെഷീനറി

2012-13 വർഷത്തിൽ 18.87 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2013-14-ൽ തുക ലഭിച്ചിട്ടില്ല.

(ii)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പ്രീമിയം അടയ്ക്കുന്നതിനുള്ള കേന്ദ്ര വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസിയായ എൽ.ഐ.സി.യ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

(iii)ഹെൽത്ത് ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് പ്രീമിയത്തിന്റെ കേന്ദ്ര വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസിയായ ഐ.സി.ഐ.സി.ഐ ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നേരിട്ട നൽകുകയാണ് ചെയ്യുന്നത്.

(iv)ഐ.എച്ച്.ഡി.എസ്

300 മുതൽ 500 വരെ ലൂമേജ് ഉള്ള ക്ലസ്റ്ററുകളുടെ വികസത്തിനായി 2012-13 വർഷത്തിൽ 302.37 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(v)കൈത്തറിസ്ഥാപനങ്ങൾക്ക് ധനസഹായം

മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി പ്രകാരം 2012-13 വർഷത്തെ മാർക്കറ്റിംഗ് ഇൻസെന്റീവിന്റെ സെൻട്രൽ ഷെയർ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്.

(vi)കൈത്തറി മേഖലയ്ക്കുള്ള പുനരാവിഷ്കൃത സാമ്പത്തിക പാക്കേജ്

കൈത്തറി സഹകരണ സംഘങ്ങളുടെ കടബാദ്ധ്യത തീർപ്പാക്കുന്ന പദ്ധതി നബാർഡ്

| | | | |
|---|---|---|---|
| | | | വഴിയാണ് നടപ്പാക്കുന്നത്. 2012-13 സാമ്പത്തിക വർഷം 124 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് 27.93 കോടി രൂപ അനുവദിക്കുകയും അതിൽ 24.40 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br>(vii)യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പ്രീമിയം അടയ്ക്കുന്നതിനുള്ള കേന്ദ്രവിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസിയായ എൽ.ഐ.സി.യ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ